**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6519** **01.11.2011 -ൽ മറുപടിക്ക്**

**ത്വക്ക്/ കാൽപാദ രോഗങ്ങൾ**

| ചോദ്യം<br>ശ്രീ.റ്റി.യു.കുരുവിള:<br>,,മോൻസ് ജോസഫ്: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | വിവിധ താലൂക്കുകളിൽ നിരവധിപേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപാദം വിണ്ടു കീറി പാദം നിലത്ത് ചവിട്ടാൻ കഴിയാതെ രോഗം ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മലപ്പുറം , കോഴിക്കോട് ജില്ലകളിലെ വിവിധ താലൂക്കുകളിൽ നിരവധി പേർക്ക് ത്വക്ക് വരണ്ട് ഉണങ്ങി, കാൽപ്പാദം വിണ്ടുകീറി നിലത്ത് ചവിട്ടാൻ കഴിയാത്ത അവസ്ഥ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (ബി) | മലപ്പുറം ജില്ലയിലെ അരീക്കോട്, കാവനൂർ, ഊർങ്ങാട്ടിരി പ്രദേശങ്ങളിലെ 13 സ്കൂളുകൾ, ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ സന്ദർശിച്ച് 872 കുട്ടികളിൽ കാല് വിണ്ടുകീറുന്ന രോഗം കണ്ടെത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്കൂളുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വേണ്ടനിർദ്ദേശങ്ങളും, ബോധവല്ക്കരണ പ്രവർത്തനങ്ങളും നടത്തുകയും ചെയ്തു. കൂടാതെ ജില്ലയിലെ മൊത്തം സ്കൂളുകളുടെ സ്ഥിതി വിവരം അറിയുന്നതിനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) മുഖേന ഓരോ സബ് ജില്ലയിലേയും കണക്കുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിലെ ചില ഭാഗ |

| | | | |
|---|---|---|---|
| | | | ങ്ങളിൽ വിദ്യാർത്ഥികളിലും, മുതിർന്ന വരിലും ഇത്തരത്തിലുള്ള രോഗ ബാധ കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലക്കുളത്തൂർ പ്രാഥമികാ രോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസറുടെ നേതൃത്ത്വത്തിൽ എടക്കര യു.പി. സ്കൂളിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ 177 വിദ്യാർത്ഥികളെ പരിശോധിച്ചപ്പോൾ 24 വിദ്യാർത്ഥികളിൽ അസുഖം ബാധിച്ചതായി കണ്ടെത്തി. ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവന ക്കാർ രോഗബാധ കണ്ടുവരുന്ന പ്രദേശ ങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (സി) | തോട്ടം മേഖലയോടു ചേർ ന്നുള്ള കായലുകൾ, തോടു കൾ, അരുവികൾ എന്നിവയുടെ സമീപത്ത് താമസിക്കുന്നവർ ക്കാണ് ഈ രോഗം ബാധി ച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തി യിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | മലപ്പുറം ജില്ലയിൽ കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്ത അരീക്കോട്, പേരൂർ പ്രദേശങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിച്ച് പഠനം നടത്തിയി ട്ടുണ്ട്. പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഡി) | ഈ മേഖലകളിലെ തോട്ട ങ്ങളിലും എസ്റ്റേറ്റുകളിലും നിരോധിക്കപ്പെട്ട കീടനാശി നികൾ ഉപയോഗിക്കുന്നതാ യുള്ള എന്തെങ്കിലും വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദ മാക്കാമോ ? | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ